"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.രാജേന്ദ്രകുറുപ്പ്.ആർ-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

സ.ഉ.(സാധാ) നം.1877/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2020

---

പരാമർശം:- 1 സ.ഉ(കൈ)നം.224/14/തസ്വഭവ, തീയതി 12.12.2014.

2 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.08.2019 ലെ ഇ3-7465/14 നമ്പർ നടപടിക്രമം

3 പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.12.2019 ലെ ഇ3-364/09 നമ്പർ നടപടിക്രമം

4 പഞ്ചായത്ത് ഡയറക്ടറുടെ 22.03.2020 ലെ പാൻ/4979/2020-ഇ6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.രാജേന്ദ്രകുറുപ്പ് ആർ. - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ. രാജേന്ദ്രകുറുപ്പ്.ആർ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 31.03.2016 ൽ സേവനത്തിൽ പ്രവേശിച്ചു . ടിയാൻ ജനന തീയതി 08.05.1969 ആണ്. ടിയാന്റെ പ്രൊബേഷൻ കാലയളവ് 17 ദിവസത്തെ അവധി ഉൾപ്പെടെ 17.04.2018 മുതൽ ഒരു വർഷത്തേക്ക് പരാമർശം (3) പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാന് 50 വയസ്സ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത വകുപ്പ് തല പരീക്ഷ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഇളവനുവദിച്ച് പരാമർശം (2) പ്രകാരം പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 50 വയസ്സ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസമായ 09.05.2019 വരെ ദീർഘിപ്പിച്ച് നല്കണമെന്നാണ് പരാമർശം(4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പിരശോധിച്ചു. പരാമർശ കത്തിലെ പഞ്ചായത്ത്

ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കടമ്പനാട് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.രാജേന്ദ്രകുറുപ്പ്.ആർ-ന് 50 വയസ്സ് തികഞ്ഞ തീയതിയുടെ തൊട്ടടുത്ത ദിവസമായ 08.05.2019 തീയതി പ്രാബല്യത്തിൽ ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് നിയമനാധികാരിയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയുമാറ് 17.04.2019 മുതൽ 09.05.2019 വരെ കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കടമ്പനാട് ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(109/ഇപിഎ1/20/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ